പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3763 30.01.2014 ൽ മറുപടിക്ക്**

# ഹൈവേ ജാഗ്രതാ സമിതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. കെ. ബഷീർ: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ച് വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സംസ്ഥാന ക്രൈം റെക്കോർഡ് ബ്യൂറോയിൽനിന്നും ലഭ്യമായ കണക്കനുസരിച്ച് 2013 ലെ റോഡപകടങ്ങളുടെ എണ്ണവും മരണനിരക്കും 2012 ലേതിനേക്കാൾ കുറവാണ്. |
| (ബി) എങ്കിൽ ആയത് കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഗതാഗത വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | ജനങ്ങളിൽ ട്രാഫിക് നിയമങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിയ്ക്കാൻ ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന പരിപാടിയുടെ ഭാഗമായി കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി കൊണ്ടിരിക്കുന്നു. ഇതിന്റെ ഭാഗമായി എല്ലാ വിഭാഗത്തിലുംപെട്ട ഡ്രൈവർമാർക്ക് പരിശീലനവും മറ്റു ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നു. ഡ്രൈവിംഗ് ലൈസൻസിനപേക്ഷിച്ചവർക്കു പ്രീ ഡ്രൈവേഴ്സ് പരിശീലനം, അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കുമുള്ള പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം ട്രാൻസ്പോർട്ട് ഡ്രൈവർമാർക്കുള്ള പരിശീലനം എന്നിവ ഈ പരിപാടിയുടെ ഭാഗമായി നടത്തി വരുന്നു. പരിശീലനത്തിന്റെയും ബോധവൽക്കരണത്തിന്റെയും ഭാഗമായി പുസ്തകങ്ങൾ, നോട്ടീസുകൾ, പാംലറ്റുകൾ എന്നിവയും അച്ചടിച്ച് വിതരണം ചെയ്തു വരുന്നു.<br>അമിതവേഗതയും, റോഡിന്റെ ശോചനീയാവസ്ഥയും അപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു |

| | | | |
|---|---|---|---|
| | | | പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കി കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് ഗ്യാരേജുകളിലും, ഹെവി വാഹനങ്ങളിലും, സ്കൂൾ വാഹനങ്ങളിലും, ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിതവേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതു കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിതവേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.<br><br>റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷ അതോറിറ്റിയിൽ നിന്നും മോട്ടോർ വാഹന വകുപ്പിന് അനുവദിച്ച ഫണ്ടുപയോഗിച്ച് പ്രിഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ, ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുതിനായി നടത്തുന്ന പരിശീലന പരിപാടികൾ, മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ ടിപ്പർലോറി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ എന്നിവയുടെ ഡ്രൈവർമാർക്കും പരിശിനം കൊടുത്തു വരുന്നു. പ്രകാശ തീവ്രത മൂലമുള്ള |

അപകടങ്ങൾ കുറയ്ക്കുന്നതിലേയ്ക്കായി പരിശോധന ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ലക്സ് മീറ്ററുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ജില്ലാ തലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാ തലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച് പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റ് വകുപ്പുകളുടെ, സഹായത്തോടു കൂടി തിരുത്തൽ നടപടികൾ എടുക്കുന്നതിനുവേണ്ടിയ നടപടികളും സ്വീകരിച്ചു വരുന്നു. ചേർത്തല-മണ്ണൂത്തി റോഡ് അപകടരഹിതമായ മാതൃകാ റോഡാക്കി മാറ്റുന്നതിന്റെ ഭാഗമായി സർവലൻസ് ക്യാമറകൾ, ട്രാഫിക് സൈൻ ബോർഡുകൾ എന്നിവ സ്ഥാപിക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു. ഈ പദ്ധതി മഞ്ചേശ്വരം വരെ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മദ്യപിച്ചും, അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവർക്കെതിരെ ലൈസൻസ് കണ്ടുകെട്ടുകയും, സസ്പെൻഷൻ പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ നടപ്പിലാക്കി വരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഫലവത്തായി നടത്തുന്നതിനും വകുപ്പിന് ഒരു എൻഫോഴ്സ്മെന്റ് വിങ് സർക്കാർ അനുവദിക്കുകയും പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനും, അപകടങ്ങളിൽപ്പെട്ടവരെ കഴിയുന്നതുംവേഗം ആശുപത്രിയിൽ എത്തിക്കുന്നതിനുമായി 'ഹൈവേ ജാഗ്രതാ സമിതി' എന്ന പേരിൽ ഗതാഗത-ആഭ്യന്തര വകുപ്പുകൾ സംയുക്തമായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പ്രവർത്തന രീതി വിശദമാക്കുമോ? | (സി) | ഉണ്ട്. കേരള സർക്കാർ ആഭ്യന്തര വകുപ്പിൽ നിന്നും 25.07.2009 ന് ഉത്തരവ് നമ്പർ 117/09/ആഭ്യ (ആഭ്യന്തര എസ്.സി.വകുപ്പ്) പ്രകാരം പോലീസ് ഡി.ജി.പിയുടെ പരാമർശനുസരിച്ച് ഹൈവേ സുരക്ഷാ സമിതി രൂപീകരിച്ച് മാർഗ്ഗനിർദ്ദേശ രേഖ അംഗീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പോലീസിനെ കൂടാതെ മോട്ടോർ വാഹന വകുപ്പ്, നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, പി.ഡബ്ല്യൂ.ഡി (റോഡ് വിഭാഗം), ആരോഗ്യ വകുപ്പ്, റവന്യൂ വകുപ്പ്, തദ്ദേശ സ്വയം ഭരണം എന്നി വകുപ്പുകളിലെ ഓരോ പ്രതിനിധികൾ ഹൈവേ സുരക്ഷാ സമിതി അംഗങ്ങളാണ്.<br><br>റോഡപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനും അപകടങ്ങൾ ഉണ്ടായാൽ അടിയന്തിര രക്ഷാ പ്രവർത്തനം നടത്തുന്നതിനും, മറ്റുമായി ഹൈവേകളുമായി അടുത്തിടപഴകുന്ന പൗരന്മാരെ ഉൾപ്പെടുത്തിക്കൊണ്ട് റോഡ് സുരക്ഷാ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ പ്രസ്ഥാനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ കേരളത്തിൽ നിലവിലുള്ള ഹൈവേ പെട്രോൾ ടീമുകളുടെ നേതൃത്വത്തിൽ ഏറ്റവും കൂടുതൽ റോഡപകടങ്ങൾ ഉണ്ടാകുന്ന ഹൈവേ ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തുവാനാണ് സമിതി രൂപീകരിച്ചിട്ടുള്ളത്.<br>ടി സമിതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നു.<br>1. കേരളത്തിലെ ഏതാണ്ട് 1524 കിലോമീറ്റർ നീളമുള്ള ഹൈവേകളിൽ അപകടങ്ങൾ കുറയ്ക്കുക.<br>2. അശ്രദ്ധമായി വാഹനം ഓടിച്ച് അപകടങ്ങളുണ്ടാകുന്ന ഡ്രൈവർമാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ട്രാഫിക് ബോധവൽകരണം നല്കുക. |

| | | |
|---|---|---|
| | | 3. അപകടങ്ങളുണ്ടാകുന്ന സ്ഥലങ്ങളിൽ രക്ഷാ പ്രവർത്തനം നടത്തുക.<br>4. കൂടുതൽ അപകടങ്ങൾ നടക്കുവാൻ സാധ്യതയുള്ള ഹൈവേയിൽ പട്രോളിംഗ് നടത്തുക.<br>5. റോഡപകടങ്ങൾ കൂടുതൽ ഉണ്ടാകുന്ന സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തി അവിടെ അപകടം കുറയ്ക്കുന്നതിനുള്ള പരിഹാരം കണ്ടുപിടിച്ച് സമിതി മീറ്റിംഗുകളിൽ അവതരിപ്പി ക്കുക. പ്രീപെയ്ഡ് ഓട്ടോ, ടാക്സി തുടങ്ങി ജനങ്ങൾക്ക് ഉപകാരപ്രദമായ ട്രാഫിക് സംവിധാന ങ്ങൾ നടപ്പിലാക്കാൻ സഹായിക്കുക, ടാക്സി ഓട്ടോ ഡ്രൈവർമാർ, കൽനടയാത്രക്കാർ, ഇരുചക്ര വാഹനങ്ങൾ ഓടിക്കുന്നവർ തുടങ്ങി വിവിധ രംഗങ്ങളിൽ ഉള്ളവർക്കായി പ്രത്യേക ബോധ വത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായി യാത്രചെയ്യുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക, സന്നദ്ധ സംഘടനകളുടേയും ആംബുലൻസ് സർവ്വീസുകളുടേയും സാഹയ ത്തോടുകൂടി അപകടങ്ങളിൽ പരിക്കേൽക്കുന്ന വർക്ക് അടിയന്തിര ചികിത്സാ സൗകര്യം നല്കുക. |

സെക്ഷൻ ഓഫീസർ